കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാകുമെന്ന തദ്ദേശവാസികളുടെയും ഭക്തരുടെയും ആവശ്യാനുസരണം 21-7-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. ആർ. രാജേഷിന്റെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷിയോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചെക്ക് ഡാം നിർമ്മിക്കേണ്ട പ്രവൃത്തി ഉപേക്ഷിക്കുവാനും പകരം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് വാട്ടർ അതോറിറ്റിയുടെ ഇൻടേക്കിൽ എക്കലും മണ്ണും മറ്റും പ്രവേശിക്കാതിരിക്കാൻ കോടത്തോടിന്റെ പതനമുഖം ബെഡ് ബാർ ഉപയോഗിച്ച് തടയുന്നതിനും അച്ചൻകോവിലാറിന്റെ പ്രസ്തുത ഭാഗം സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നതിനുമായി 84.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും) നിന്നും ലഭിച്ചിട്ടുണ്ട്. ആയതിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കടപ്പുറം ദ്വീപിൽ കടൽക്ഷോഭം

142 (2351) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽക്ഷോഭംമൂലം കടൽഭിത്തി ഒലിച്ച പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രദേശവാസികളുടെ ഭീതിയകറ്റുന്നതിന് തകർന്ന കടൽഭിത്തി അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) എങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽ ക്ഷോഭംമൂലം കടൽഭിത്തി തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ തകർന്ന കടൽഭിത്തിയുടെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവുവിളക്കുകൾ

143 (2352) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവുവിളക്കുകൾ, പാലത്തിന്റെ നിർമ്മാണം കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly